# ശ്രീമാതാജി നിർമ്മലാദേവി

## ഹ്രസ്വ ജീവചരിത്രം

““ഉള്ളിൽ സമാധാനം ഉണ്ടാകുന്നതുവരെ ലോകത്ത് സമാധാനം ഉണ്ടാകില്ല ”.

ഒരു രാജവംശത്തിൽ ജനിച്ച്, ബാല്യത്തിൽ മഹാത്മാഗാന്ധിയുടെ ആശ്രമത്തിൽ താമസിച്ച് ചർച്ചകളിൽ പങ്കെടുക്കുകയും,പിന്നീട് ഒരു മെഡിക്കൽ വിദ്യാർത്ഥിനിയും, സ്വാതന്ത്ര്യ സമരസേനാനിയും ആയിത്തീർന്നു. അവർ ആരാധ്യയായ അമ്മയും, മുത്തശ്ശിയും മുതു മുത്തശ്ശിയും ആയിരുന്നു. നിരവധി രാഷ്ട്രത്തലവന്മാരിൽ നിന്നും ബഹുമതികൾ നേടുകയും, ഇംഗ്ലണ്ട് രാജ്ഞിയുടെ നൈറ്റ് പദവിക്ക് അർഹനാവുകയും ചെയ്ത ഒരു വിശിഷ്ട നയതന്ത്രജ്ഞന്റെ ഭാര്യയും ആയിരുന്നു അവർ. ഇതിനെല്ലാം പുറമെ,ശ്രീ മാതാജിയുടെ പെൺമക്കൾ വളർന്ന് ജീവിതത്തിൽ സ്വസ്ഥമായ ശേഷം, ശ്രീ മാതാജി അസാധാരണമായ തന്റെ ദൗത്യം ആരംഭിച്ചു.

ശ്രീ മാതാജി ഇന്ത്യയിൽ ക്രൈസ്തവരായ മാതാപിതാക്കൾക്കാണ് ജനിച്ചത്.തനിക്ക് ഒരു അതുല്യമായ ആത്മീയ വര പ്രസാദം ഉണ്ടെന്ന് അവർ വളരെ നേരത്തെ തന്നെ അറിഞ്ഞിരുന്നു,അത് എല്ലാവർക്കും ലഭ്യമാക്കണമെന്ന് അവർ തീരുമാനിച്ചു.അങ്ങനെയാണ് 1970-ൽ അവർ സഹജയോഗ ധ്യാന രീതി സ്ഥാപിച്ചത്.ആത്മസാക്ഷാത്കാരത്തിന്റെ ഒരു അതുല്യമായ പ്രക്രിയ അവർ കണ്ടെത്തുകയും,അതിലൂടെ ആളുകൾക്ക് എളുപ്പത്തിൽ കൈവരിക്കാനാകുന്ന യഥാർത്ഥവും ശാശ്വതവുമായ ധ്യാന രീതി നൽകുകയും ചെയ്തു.ശ്രീ മാതാജി ഒരിക്കലും ഇതിനു വേണ്ടി പണമൊന്നും ഈടാക്കിയിരുന്നില്ല.ആത്മസാക്ഷാത്കാരം എല്ലാവരുടെയും ജന്മാവകാശമാണെന്നും മതം, വംശം, സാമൂഹിക സാഹചര്യം എന്നിവയുടെ വ്യത്യാസമില്ലെന്നും വാദിച്ചു.അവർ പറഞ്ഞു, "ഉള്ളിൽ സമാധാനം ഉണ്ടാകുന്നതുവരെ ലോകത്ത് സമാധാനം ഉണ്ടാകില്ല."

പിന്നീടുള്ള നാൽപ്പത് വർഷക്കാലം, ശ്രീ മാതാജി തുടർച്ചയായി ലോകമെമ്പാടും സഞ്ചരിക്കുകയും,ധ്യാനം പരിശീലിപ്പിക്കുകയും ചെയ്തു. ശ്രീ മാതാജി വളരെ പ്രിയപ്പെട്ടതും, സ്നേഹമയിയുമായ ഒരു ആത്മീയ നേതാവായിരുന്നു. അവർ പ്രശംസനീയയായ പൊതു പ്രഭാഷകയും,സൗമ്യയായ മാർഗദർശികയും,പരോപകാരതത്പരയും, സമാധാനത്തിനുള്ള നോബൽ സമ്മാനത്തിന് നാമനിർദ്ദേശം ചെയ്യപ്പെട്ടവരുമായിരുന്നു.ലോകമെമ്പാടുമുള്ള നിരവധി അവാർഡുകളും പ്രശംസകളും നേടിയ വ്യക്തിയായിരുന്നു.അവരുടെ കരുണയുടെയും അനുകമ്പയുടെയും സാക്ഷാത്കാരമാണ്,ശ്രീ മാതാജി സ്ഥാപിച്ച മുംബൈയിലുള്ള ഹോളിസ്റ്റിക് ഹെൽത്ത് ആൻഡ് റിസർച്ച് സെന്റർ,ഡൽഹിയിൽ നിരാലംബരായ സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള അഭയകേന്ദ്രം,ശാസ്ത്രീയ സംഗീതവും കലകളും പ്രോത്സാഹിപ്പിക്കുന്നതിനായി വൈതർണയിലുള്ള അന്താരാഷ്ട്ര സംഗീത അക്കാദമി തുടങ്ങിയവ.

ജനന സമയത്ത് ശ്രീ മാതാജിക്ക് "പരിശുദ്ധ" എന്നർത്ഥമുള്ള "നിർമ്മല" എന്ന പേരിട്ടിരുന്നെങ്കിലും,പിന്നീട് ശ്രീ മാതാജി നിർമ്മലാ ദേവി- ആദരണീയയായ അമ്മ.. എന്ന പേരിലാണ് അറിയപ്പെട്ടത്.
ദശലക്ഷക്കണക്കിന് ആളുകൾ സഹജ ധ്യാനത്തിലൂടെ അവരുടെ ആന്തരിക ആത്മീയ ശക്തിയെ എങ്ങനെ ഉണർത്താമെന്നും അതിൽ നിന്നും എങ്ങനെ പ്രയോജനം നേടാമെന്നും പഠിച്ചു. തൊണ്ണൂറ്റിയഞ്ചിലധികം രാജ്യങ്ങളിൽ ധ്യാനകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്, അവിടെ സന്നദ്ധപ്രവർത്തകർ ശ്രീ മാതാജി പ്രധാനം ചെയ്ത സഹജയോഗയുടെ പ്രവർത്തിരീതി സൗജന്യമായി പഠിപ്പിക്കുന്നു.

2011 ഫെബ്രുവരി 23-ന് ഇറ്റലിയിലെ ജെനോവയിൽ വെച്ച് എൺപത്തിഏഴാമത്തെ വയസ്സിൽ ശ്രീ മാതാജി നിർമ്മലാ ദേവി സമാധാനപരമായി ഇഹലോകവാസം വെടിഞ്ഞു.

പരമ പൂജ്യ ശ്രീ മാതാജി നിർമ്മലാ ദേവിയുടെ ഭർത്താവ്,സർ സി.പി.ശ്രീവാസ്തവ,പെൺമക്കൾ കൽപനയും, സാധനയും, കൊച്ചുമക്കളും അവരുടെ മക്കളും, ലോകമെമ്പാടുമുള്ള ആയിരക്കണക്കിന് അനുയായികളടങ്ങുന്ന കുടുംബവുമായി ജീവിച്ച ശ്രീ മാതാജി ഇന്ത്യയിൽ

അന്ത്യവിശ്രമം കൊള്ളുന്നു.

## തിരഞ്ഞെടുക്കപ്പെട്ട ചില അവാർഡുകളുടെയും അംഗീകാരങ്ങളുടെയും ഒരു പട്ടിക

ശ്രീ മാതാജിയുടെ നിസ്വാർത്ഥ സേവനത്തിനും,സഹജയോഗയിലൂടെ പകർന്നു നൽകിയ ആത്മീയ അറിവുകളുടെ ശ്രദ്ധേയമായ ഫലങ്ങൾക്കും,ലോകമെമ്പാടുമുള്ള നിരവധി പ്രശസ്ത സ്ഥാപനങ്ങൾ ശ്രീ മാതാജിയെ ആദരിക്കുകയും അംഗീകരിക്കുകയും ചെയ്തു.അവയിൽ ചിലതു മാത്രം ചുവടെ ചേർത്തിരിക്കുന്നു.

**ഇറ്റലി, 1986**
ഇറ്റാലിയൻ ഗവണ്മെന്റ് ശ്രീ മാതാജിയെ ആ വർഷത്തെ “സവിശേഷ വ്യക്തിത്വം” ആയി പ്രഖ്യാപിച്ചു.

**മോസ്കോ,റഷ്യ,1989**
യു.എസ്.എസ്.ആർ ആരോഗ്യ മന്ത്രിയുമായുള്ള ശ്രീ മാതാജിയുടെ കൂടിക്കാഴ്ചയെ തുടർന്ന്, ശാസ്ത്ര ഗവേഷണത്തിനുള്ള ധനസഹായം ഉൾപ്പെടെ,സഹജയോഗയ്ക്ക് പൂർണ്ണ സർക്കാർ സ്പോൺസർഷിപ്പ് അനുവദിച്ചു.

**ന്യൂയോർക്ക്, 1990-1994**
ലോകസമാധാനം കൈവരിക്കുന്നതിനുള്ള വഴികളെക്കുറിച്ചും മാർഗ്ഗങ്ങളെക്കുറിച്ചും സംസാരിക്കാൻ ഐക്യരാഷ്ട്രസഭ തുടർച്ചയായി നാല് വർഷം ക്ഷണിച്ചു.

**സെൻറ് പീറ്റേഴ്സ്ബർഗ്,റഷ്യ,1993**
പെട്രോവ്സ്കയ അക്കാദമി ഓഫ് ആർട്ട് ആൻഡ് സയൻസിന്റെ ഓണററി അംഗമായി നിയമിക്കപ്പെട്ടു.അക്കാദമിയുടെ ചരിത്രത്തിൽ പന്ത്രണ്ട് പേർക്ക് മാത്രമേ ഈ ബഹുമതി ലഭിച്ചിട്ടുള്ളൂ,അവരിൽ ഒരാളാണ് ഐൻസ്റ്റീൻ.വൈദ്യശാസ്ത്രവും സ്വയം അറിവും (അവബോധം) സംബന്ധിച്ച ആദ്യ അന്താരാഷ്ട്ര സമ്മേളനം ശ്രീ മാതാജി ഉദ്ഘാടനം ചെയ്തു, പിന്നീട് അത് അക്കാദമിയിൽ ഒരു വാർഷിക പരിപാടിയായി മാറി.

**ബ്രസീൽ,1994**
ബ്രസീലിലെ മേയർ ശ്രീ മാതാജിയെ വിമാനത്താവളത്തിൽ സ്വാഗതം ചെയ്യുകയും, നഗരത്തിന്റെ താക്കോൽ അവർക്ക് സമ്മാനിക്കുകയും, അവരുടെ എല്ലാ പരിപാടികളും സ്പോൺസർ ചെയ്യുകയും ചെയ്തു.

**ന്യൂയോർക്ക്,1994**
സെപ്റ്റംബർ 26 'ശ്രീമാതാജി നിർമ്മല ദേവി ദിനം' ആയി പ്രഖ്യാപിച്ചു.ശ്രീ മാതാജിയെ ആദരിക്കുന്നതിനും,മഹാത്മാഗാന്ധിയുമായുള്ള അവരുടെ കൂട്ടുകെട്ടിനെ ആചരിക്കുന്നതിനുമായി ഒരുക്കിയ ആഘോഷച്ചടങ്ങിന് പോലീസ് അകമ്പടി വാഗ്ദാനം ചെയ്തു.

**ബ്രിട്ടീഷ് കൊളംബിയ, കാനഡ,1994**
കാനഡയിലെ ജനങ്ങളെ പ്രതിനിധീകരിച്ച് ബ്രിട്ടീഷ് കൊളംബിയ പ്രവിശ്യയിലെ പ്രീമിയർ മൈക്ക് ഹാർകോർട്ട് സ്വാഗത പത്രം നൽകി ആചരിച്ചു.

**റൊമാനിയ,1995**
കോഗ്നിറ്റീവ് സയൻസിൽ (മനസ്സിന്റെയും അതിന്റെ പ്രക്രിയകളുടെയും ബഹുവിഷയാത്മകവും,ശാസ്ത്രീയവുമായ പഠനം) ഓണററി ഡോക്ടറേറ്റ് നൽകി ആദരിച്ചു.

**ചൈന,1995**
ഐക്യരാഷ്ട്ര സഭയുടെ അന്താരാഷ്ട്ര വനിതാ സമ്മേളനത്തിൽ സംസാരിക്കാൻ ചൈനീസ് സർക്കാരിന്റെ ഔദ്യോഗിക അതിഥി ആയി.

**യുഎസ്എ, നൂറ്റിയഞ്ചാം- കോൺഗ്രസ്,1997, നൂറ്റിയാറാം -കോൺഗ്രസ്, 2000,**
മാനവികതയ്ക്കു വേണ്ടിയുള്ള അർപ്പണബോധവും അശ്രാന്തവുമായ പ്രയത്നത്തിന് ശ്രീ മാതാജിയെ അഭിനന്ദിച്ചുകൊണ്ട് കോൺഗ്രസ്സ് അംഗം എലിയറ്റ് എംഗിൾ കോൺഗ്രസ്സ് റെക്കോർഡിൽ ഓണറേറിയം രേഖപ്പെടുത്തി.

**കാബെല്ല ലിഗുരേ,ഇറ്റലി, 2006**

ശ്രീ മാതാജിയെ ഹോണററി ഇറ്റാലിയൻ പൗരത്വം നൽകി ആദരിക്കുകയും,പിന്നീട്”ശ്രീമാതാജി നിർമ്മലാദേവി വേൾഡ് ഫൗണ്ടേഷൻ ഓഫ് സഹജയോഗ"യുടെ അടിസ്ഥാന ശില അനാച്ഛാദനം നടത്തുകയും ചെയ്തു.ഈ ധർമ്മസ്ഥാപനം കുടികൊള്ളുന്നത് കാബെല്ല ലിഗുരേയിലാണ്.

